

ഫോട്ടോ: ജി. ബിനുലാൽ

ഒ.എൻ.വി. കുറുപ്പും പി. ഭാസ്കരനും

# ഒ.എൻ.വി, ഇ.എം.എസ്,

എ. അയ്യപ്പൻ/താഹ മാടായി

**നമ്മെ കമ്യൂണിസ്റ്റുകാരാകാൻ പ്രേരിപ്പിച്ചതുപോലും അന്ന് ഒ.എൻ.വിയുടെ ഗാനശാഖയാണ് ★ കവികളല്ല രാഷ്ട്രീയക്കാരാണ് ജനതയെ നയിക്കേണ്ടവർ ★ കവിയാണെങ്കിൽ ഇ.എം.എസ്സിന് അത്രയും സത്യസന്ധനാവാൻ കഴിയില്ലായിരുന്നു ★ എന്നെ ഒരു ഗാനത്തിന്റെ വഴിയിലെത്തിച്ചത് ഒ.എൻ.വിയും പി. ഭാസ്കരനുമടങ്ങുന്ന ആ പാട്ടുകാലമാണ്.**

മലയാളഭാഷയിലേക്ക് ജ്ഞാനപീഠത്തിന്റെ മഹിമ ഒരിക്കൽക്കൂടി ഒ.എൻ.വിയിലൂടെ എത്തിച്ചേർന്നു. കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിൽ ഒ.എൻ.വി. എന്ന ചുരുക്കെഴുത്ത് കേൾക്കുമ്പോൾതന്നെ ഒരു വലിയ കവിയുടെ മുഖചിത്രം തെളിയും. മലയാളികളെ മുന്നിൽനിന്നു നയിച്ച കവികളിൽ ഒ.എൻ.വിയുമുണ്ട്. ഒരുതരം ഇൻറിമസിയുണ്ടാക്കുന്നവയാണ് ആ കവിതകൾ. നാടക/സിനിമാ ഗാനങ്ങളിലൂടെ ഒ.എൻ.വി മറ്റേതൊരു കവിയേക്കാളും മലയാളിക്ക് ചിരപരിചിതനായി.

കവിതയിലൂടെ ജ്ഞാനപീഠം നേടിയ ഒ.എൻ.വിയെക്കുറിച്ച് അനുഭവങ്ങളുടെ ജ്ഞാനപീഠം നേടിയ എ. അയ്യപ്പന് എന്താണ് പറയാനുണ്ടാവുക?

ഒരു കവി മറ്റൊരു കവിയെക്കുറിച്ച് സംസാരിക്കുമ്പോൾ ഭംഗിവാക്കുകൾ മാത്രം പ്രതീക്ഷിക്കരുത് എന്ന് എ. അയ്യപ്പൻ ഇതിലൊരിടത്ത് പറയുന്നുണ്ട്. ഒ.എൻ.വിയോടുള്ള എല്ലാ ആദരവുകളും വെച്ചുകൊണ്ട് ഒരു കാലഘട്ടത്തിന്റെ ഓർമകളിലേക്ക് എ. അയ്യപ്പൻ പോകുന്നു. വയലാറും പി. ഭാസ്കരനും ഇ.എം.എസ്സും ജോൺ എബ്രഹാമും ഇതിൽ കടന്നുവരുന്നു. അങ്ങനെ ഒ.എൻ.വിക്ക് കിട്ടിയ ജ്ഞാനപീഠം നമ്മുടേതെല്ലാമായിത്തീരുന്നു...

**താഹ മാടായി: ഒ.എൻ.വി. എന്ന കവിയുടെ മഹത്ത്വമായി അയ്യപ്പേട്ടൻ കാണുന്നതെന്താണ്?**

എ. അയ്യപ്പൻ: ഒ.എൻ.വി. മലയാളികൾക്ക് മുന്നിൽ, ഒരു ഗാനരഥ്യയെന്നൊക്കെ സാഹിത്യത്തിൽ പറയാവുന്ന ഒരാളാണ്. എന്നെ സംബന്ധിച്ചിടത്തോളമെങ്കിലും അങ്ങനെയാണ്. ഒരു വഴികാട്ടിയായിരുന്നു. നല്ല പാട്ടുകൾ ഞാൻ പഠിച്ചുതുടങ്ങിയത്... 'പൊന്നരിവാളമ്പിളിയിൽ കണ്ണെറിയുന്നോളെ' എന്നൊക്കെയുള്ള പാട്ട് കേട്ടാണ്.

**■ ആ പാട്ടുകൾ മലയാളികളെ എത്ര**

**മാത്രം സ്വാധീനിച്ചിട്ടുണ്ട്?**

എത്രയഗാധമായി സ്വാധീനിക്കാമോ അത്രയും. നമ്മെ കമ്യൂണിസ്റ്റുകാരാകാൻ പ്രേരിപ്പിച്ചതുപോലും അന്ന് ഒ.എൻ.വിയുടെ ഗാനശാഖയാണ്. അത് പഴയ കാര്യമാണെന്നു മാത്രം. കവിതയിലദ്ദേഹം രക്തം നിറച്ചു.

**■ വ്യക്തിപരമായ സ്വാധീനം?**

എന്നെ ഒരു ഗാനത്തിന്റെ വഴിയിലെത്തിച്ചത് ഒ.എൻ.വിയും പി. ഭാസ്കരനുമടങ്ങുന്ന ആ പാട്ടുകാലമാണ്. തീർച്ചയായും ആ നിരയിൽ തിരുനല്ലൂർ കരുണാകരനുമുണ്ടാവാം.

**■ കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനം ഓടിത്തുടങ്ങിയ ആദ്യകാലത്തെ പ്രധാന ഇന്ധനം ഇവരുടെ കവിതകളായിരുന്നു.**

ഒ.എൻ.വി. അടക്കമുള്ള അന്നത്തെ കവികളിലൂടെ തന്നെയാണ് ഇടതുപക്ഷം കേരളത്തിൽ സംഭവിച്ചത്. യുവത എന്നു പറയുന്ന ഒരു സംഘം കമ്യൂണിസ്റ്റ് പാർട്ടിയിൽ വന്നത് അവർ കാരണമാണ്. പില്ക്കാലത്ത് ഈ യുവത പാർട്ടിയിൽനിന്നും പുറത്തുപോയതും ഇവർ കാരണം തന്നെയാണ്. എന്തായാലും വലിയൊരു പ്രചോദനം ഒരു കാലഘട്ടത്തിനു നൽകിയ കവി എന്ന നിലയിൽ ഒ.എൻ.വിയുടെ മഹത്ത്വം വളരെ വലുതാണ്. മലയാളികളും ഒ.എൻ.വിയുടെ പാട്ടുകളും പാടി. കവിതയുടെ ഒരു സംസ്കാരം മലയാളികൾക്ക് പകർന്നുതന്നതിന്റെ വലിയൊരു ഭാഗം ഒ.എൻ.വിക്ക് അവകാശപ്പെടാവുന്നതാണ്. കവിതയുടെ സംസ്കാരത്തെ സ്വത്ത് ഭാഗം വെക്കുന്നതുപോലെ ഭാഗംവെക്കാൻ കഴിയില്ലെങ്കിലും.

# വയലാർ, ജോൺ എബ്രഹാം





എ. അയ്യപ്പൻ

ഫോട്ടോ: എൻ.എം. പ്രദീപ്

**■ ഒ.എൻ.വി, പി. ഭാസ്കരൻ, വയലാർ ഈ മൂന്ന് പേരും ഒരു കാലഘട്ടത്തിന് സംഘബോധം പകർന്നു. അയ്യപ്പേട്ടന് എന്തു തോന്നുന്നു?**

പാട്ടിലൂടെ കലാപസാഹിത്യം ഉണ്ടാക്കിയത് ഇവരാണ്. അതു കഴിഞ്ഞിട്ട് പക്ഷേ, ഇവർ സ്ഥാനവർണനകളിലേക്കാണ് പോയത്. ഇവരെ പിന്തുടർന്ന് വന്ന യുവത എന്നു പറയുന്ന സംഘത്തിന് പെട്ടെന്ന് ദിശ തെറ്റി. ആ സംഘം നാശത്തിലേക്ക് പോയി.

**■ കവിതയിലൂടെ അല്ലെങ്കിൽ പാട്ടുകളിലൂടെ ഇവർ നൽകിയ വിപ്ലവോർജം പെട്ടെന്നുതന്നെ കെട്ടടങ്ങിയെന്നാണോ?** ▶

**തിരുനല്ലൂർ കരുണാകരൻ**





വയലാറിൻെറ സ്മൃതികുടീരത്തിൽ ഒ.എൻ.വി. പുഷ്പാർച്ചന നടത്തുന്നു

അങ്ങനെ നമുക്കു പറയാനുള്ള ബാധ്യതയോ സാധ്യതയോ അർഹതയോ ഇല്ല. പക്ഷേ, ഒരു ജനതയെ അവർ ഉയിർത്തെഴുന്നേൽപ്പിക്കുകയും അതുപോലെതന്നെ അവരെ തളർത്തുകയും ചെയ്യും. ഒരു കവി വേറൊരു കവിയെക്കുറിച്ച് സംസാരിക്കുമ്പോൾ നിങ്ങൾ ഭംഗിവാക്കുകൾ മാത്രം പ്രതീക്ഷിക്കരുത്. അങ്ങനെ മാത്രമാണ് പ്രതീക്ഷിക്കുന്നതെങ്കിൽ ഇത് നിർത്താം. നമുക്ക് റമ്മിനെക്കുറിച്ച് സംസാരിക്കാം.

**■ ഒ.എൻ.വിക്ക് വലിയ മഹത്ത്വമുണ്ട് എന്നുതന്നെയാണല്ലോ അയ്യപ്പേട്ടൻ പറയുന്നത്. അതുകൊണ്ട്**

> **ഒരു കവി വേറൊരു കവിയെക്കുറിച്ച് സംസാരിക്കുമ്പോൾ നിങ്ങൾ ഭംഗിവാക്കുകൾ മാത്രം പ്രതീക്ഷിക്കരുത്. അങ്ങനെ മാത്രമാണ് പ്രതീക്ഷിക്കുന്നതെങ്കിൽ ഇത് നിർത്താം. നമുക്ക് റമ്മിനെക്കുറിച്ച് സംസാരിക്കാം.**

**വർത്തമാനം തുടരാം...**

ഒ.എൻ.വിക്കും പി. ഭാസ്കരനും വയലാറിനും ആ മഹത്ത്വമുണ്ട്. ഭാസ്കരൻെറ ഗാനങ്ങൾക്ക് വലിയ മഹത്ത്വമുണ്ടായിരുന്നു.

**■ വിപ്ലവകവിതകളിൽ നിന്ന് തുടങ്ങുകയും അപ്പോൾതന്നെ വളരെ കാല്പനികമായ ഒരു ഭാവുകത്വത്തിലേക്ക് ഗാനശാഖയെ തുറന്നുവിടുകയും ചെയ്ത കവി എന്ന നിലയിൽ നമ്മുടെ ഭാഷയിൽ വേറിട്ട കാഴ്ചകൾ കാണാവുന്ന ചില ജനലുകൾ തുറക്കാൻ ഒ.എൻ.വിക്ക് സാധിച്ചു എന്നുപറഞ്ഞാൽ?**

സാധിച്ചു. പക്ഷേ, അത് ചിലർ വാഴ്ത്തും ചിലർ ഇകഴ്ത്തും, ചിലർ അടയ്ക്കും. ഒ.എൻ.വി അടിസ്ഥാനപരമായി കവിതകളിലേക്ക് ഒരു താളം കൊണ്ടുവന്നു. അത് അദ്ദേഹം ഗായകനായതുകൊണ്ട് സംഭവിച്ചതാണ്. പാട്ടുകാരൻ എന്നൊരു ഊർജമാണ് നമുക്കതിൽ കാണാൻ കഴിയുക. ഒരുപക്ഷേ, ഒ.എൻ.വി ആദ്യകാലത്ത് തൻെറ പാട്ടുകളിലൂടെ നമുക്ക് പകർന്ന അനുഭവം അദ്ദേഹത്തിൻെറ പുതിയ കവിതകളിലൂടെ നമുക്ക് കിട്ടുന്നില്ല. നമ്മുടെ പഴയ ഒ.എൻ.വിക്കാണ് ജ്ഞാനപീഠം കിട്ടിയത്.

**■ കാലം മാറിയല്ലോ അയ്യപ്പേട്ടാ.**

കാലം മാറിയിരിക്കാം. പക്ഷേ, കവികൾ കാലുമാറരുത്. വളപ്പൊട്ടുകൾ, ഭൂമിക്കൊരു ചരമഗീതം തുടങ്ങിയ കവിതകളിലാണ് പഴയ ഒ.എൻ.വിയുടെ കരുത്ത് നമുക്ക് വീണ്ടും കാണാനാവുക. ഒ.എൻ.വിയുടെ പഴയ കവിതകളിൽനിന്നും നാടക-സിനിമാ ഗാനങ്ങളിൽനിന്നും ആ കാലഘട്ടത്തിലെ ജനതയ്ക്ക് വലിയ ശക്തി നേടാൻ സാധിച്ചിരുന്നു. അതേ ജനതയ്ക്ക് അതിൽ നിന്നൊന്നും നേടാൻ ഇപ്പോൾ കഴിയുന്നില്ല.

**■ പഴയൊരു കേരളീയ ഗ്രാമചിത്രമുണ്ട്. ചുവരിൽ കണ്ണാടി, വട്ടച്ചീർപ്പ്, വരാന്തയിൽ ബാറ്ററിയിൽ പാടുന്ന റേഡിയോ... ഒ.എൻ.വിയുടേയും വയലാറിൻേറയുമൊക്കെ പാട്ടുകേട്ട് ചെറിയൊരു ഉച്ചമയക്കത്തിൽ പോകുന്ന മലയാളികൾ...**

അരവയർ അന്നംകൊണ്ടും അരവയർ പാട്ടുകൊണ്ടും നിറച്ച കാലം. വ്യാകരണമില്ലാത്ത കവിതകളാണ് സിനിമാ പാട്ടുകൾ. പാട്ടുകാരൻ എന്ന നിലയിലാണ് ഒ.എൻ.വി. നമ്മുടെ കാലഘട്ടത്തെ പ്രചോദിപ്പിച്ചത്. ആ പ്രചോദനം നമുക്ക് തൻേറടം നൽകി. ഒരു കവി എന്ന നിലയിൽ ഒ.എൻ.വി.ക്ക് എൻെറ ജീവിതത്തിലേക്ക് ഇപ്പോൾ കടന്നുവരാൻ പ്രയാസമുണ്ട്.

തിരുനായനാർക്കുറിശ്ശി മാധവൻ നായർ



**■ ഒ.എൻ.വി വളരെ റൊമാൻറിക്കാണ്. ഇത്രയും റൊമാൻറിക്കായ മറ്റൊരു കവി മലയാളത്തിലില്ല. കമ്യൂണിസ്റ്റുകാരന് റൊമാൻറിക്കായിക്കൂടെന്നില്ല. ഇടയ്ക്കുതന്നെ കടന്നൽക്കൂട്ടിൽ കൈയിടുന്നതുപോലെ മനുഷ്യരെ വിഭ്രമപ്പെടുത്തുന്ന ചില ആശയങ്ങളിലേക്കും ഒ.എൻ.വി കടന്നുപോകും. അപ്പോൾത്തന്നെ അദ്ദേഹത്തിൻെറ കവിതകളിൽ സോഷ്യലിസ്റ്റ് മൂല്യങ്ങളും കാണാം. ജ്ഞാനപീഠം സമിതിയുടെ പ്രധാന വിലയിരുത്തൽ അതായിരുന്നല്ലോ. സോഷ്യലിസ്റ്റ് മൂല്യങ്ങൾ അദ്ദേഹം കവിതകളിൽ ഉയർത്തിപ്പിടിക്കുന്നു.**

അങ്ങനെയല്ലെങ്കിലും ഒ.എൻ.വിയുടെ കവിതയുടെയോ പാട്ടുകളുടെയോ മഹത്ത്വം കുറഞ്ഞുപോകുമായിരുന്നില്ല. ഇടശ്ശേരി ജീവിച്ചിരിക്കുമ്പോഴാണ് ജി. ശങ്കരക്കുറുപ്പിന് ജ്ഞാനപീഠം കിട്ടിയത്. അങ്ങനെയൊരു പരാതി നമുക്കിപ്പോൾ പറയാൻ കഴിയില്ല. ഇടശ്ശേരി ജിയെക്കാൾ വലിയ കവിയായിരുന്നു. പുരസ്കാരങ്ങൾ പിടിച്ചുപറ്റാനുള്ള കഴിവ് ഇടശ്ശേരിക്കില്ലായിരുന്നു.

**■ ഒ.എൻ.വി, അക്കിത്തം ഇവരെ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ അയ്യപ്പേട്ടന് തോന്നുന്നതെന്താണ്?**

കവികളെ തമ്മിൽ പിണക്കരുത്. പിണങ്ങാൻ കാരണം കാത്തിരിക്കുന്നവരാണ് കവികൾ. ജാടയില്ലാത്ത കവിയാണ് അക്കിത്തം. കവി എന്ന നിലയിലുള്ള മഹത്ത്വം അക്കിത്തത്തിന് മറ്റാരെക്കാളും ഉണ്ട്. ഒരു കാലഘട്ടത്തിൽ സോഷ്യലിസ്റ്റ് മൂല്യങ്ങളിൽ ഉറച്ചുനിന്ന ആൾ തന്നെയാണ് അക്കിത്തം. അക്കിത്തം ഒ.എൻ.വിയെക്കാൾ വലിയ കവിയാണെന്ന അഭിപ്രായമായിരിക്കാം എന്നെപ്പോലെത്തന്നെ ഒ.എൻ.വിക്കും.

**■ ഒ.എൻ.വിക്ക് ജ്ഞാനപീഠം കിട്ടിയ സന്ദർഭത്തിൽ നമ്മുടെ യുവകവികൾ മൗനം പാലിച്ചതായി തോന്നി. എന്തുകൊണ്ടോ യുവകവികൾ ഇത്തരം ആഹ്ലാദങ്ങളിൽ പങ്കുചേരു**



അക്കിത്തം

ഫോട്ടോ: കെ.കെ. സന്തോഷ്

**ന്നതായി കാണുന്നില്ല. എന്തുകൊണ്ടായിരിക്കാം?**

ഒ.എൻ.വിയുടെ കവിതകൾ വായിച്ചുതന്നെയാണ് ഈ തലമുറ വളർന്നത്. അതുതന്നെ അവർ നിരാകരിക്കുന്നു. 'നമ്മള് കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ' എന്ന പാട്ടുകേട്ടു വളർന്ന ജനത ഒരു വയലും നമ്മുടേതല്ല എന്ന തിരിച്ചറിവിലെത്തിയിട്ടുണ്ട്. അന്യരുടെ വയലാണ് നാമിപ്പോൾ സ്വന്തമാക്കാൻ നോക്കുന്നത്.

■ **ഒ.എൻ.വിയുടെ സിനിമാ പാട്ടുകൾ ആ ഗാനശാഖയ്ക്ക് സവിശേഷമായ ഉള്ളടക്കങ്ങൾ നൽകുന്നതിൽ സഹായിച്ചു. മറ്റു മഹാകവികളെപ്പോലെ അദ്ദേഹം ചലച്ചിത്ര ഗാനങ്ങളോട് മുഖം തിരിച്ചു നിന്നില്ല.**

ചലച്ചിത്രഗാനങ്ങൾ കൊള്ളാം. കവിതയോട് ഏറെ അടുത്തുനിൽക്കുന്നവയാണവ. ഉദാത്തമായ മനസ്സിൽ നിന്നാണ് എപ്പോഴും കവിതയുണ്ടാകുന്നത്. ചലച്ചിത്രഗാനങ്ങൾ എഴുതുമ്പോഴും കവി എന്ന നിലയിലുള്ള ഉദാത്തമായ ഭാവം ഒ.എൻ.വി കൈവിടുന്നില്ല. കവിതയേക്കാൾ പാട്ടു കേൾക്കാനാണ് നമുക്കിഷ്ടം. എന്നാൽ പാട്ടെഴുത്തുകാർക്കാവട്ടെ കവികൾ എന്ന പേരിൽ അറിയപ്പെടാനും.

■ **ഒ.എൻ.വി എഴുതിയതിൽ അയ്യപ്പേട്ടന് പ്രിയപ്പെട്ട സിനിമാഗാനം?**

ഓർത്തുപാടുവാൻ വയ്യ. 'ഇന്ദുപുഷ്പം ചൂടിനിൽക്കും രാത്രി' എന്ന പാട്ടോ 'മഞ്ഞൾപ്രസാദവും നെറ്റിയിൽ ചാർത്തി' എന്നതോ ആയിരിക്കാം അതിൻെറ ഉത്തരം.

■ **കവിത ഓർത്തുവെക്കുന്നതിനെക്കാൾ സാധാരണ മനുഷ്യർ സിനിമാപ്പാട്ടുകൾ ഓർത്തുവെക്കുന്നു.**

തിരുനായനാർക്കുറിശ്ശി മാധവൻ നായർ എഴുതിയ 'ആത്മവിദ്യാലയമേ' എന്ന പാട്ടിന് ഇന്നും ഇടിവൊന്നും സംഭവിച്ചിട്ടില്ല. 'പൊന്നരിവാള മ്പിളിയില് കണ്ണെറിയുന്നോളെ' എന്നത് ഇന്ന് കേട്ടാലും നാം മതിമറന്നിരിക്കും. ഒരുകാലത്ത് ജ്വലിച്ചുനിന്ന കാവ്യ മനസ്സുകളിൽനിന്നാണ് ഇത്തരം കവിതകളുണ്ടായത്.

■ **സിനിമയും നാടകവുമൊക്കെ നെഞ്ചിലേറ്റിയ ഒരു ജനതയുടെ മുൻനിര കവികളായിരുന്നു ഭാസ്കരനും ഒ.എൻ.വിയും വയലാറുമൊക്കെ. യാതൊരു അപകർഷതാബോധവുമില്ലാതെ സിനിമ നാടക ഗാനങ്ങളെഴുതാനുള്ള ഒരു തൻേറടം അവർ കാണിച്ചിരുന്നു. പക്ഷേ, യുവകവികൾക്ക് അവരുടെ അത്രയും മനോഹരമായി ചിന്തിക്കാൻ കഴിയുന്നില്ല.**



വയലാർ

> **കവികളല്ല രാഷ്ട്രീയക്കാരാണ് ജനതയെ നയിക്കേണ്ടവർ. നിരുത്തരവാദിത്വത്തോടെ ജീവിക്കാനുള്ള ഒരവകാശം കവികൾക്കു മാത്രമായി ദൈവം നൽകിയിട്ടുണ്ട്. അവർക്ക് എന്തുമാവാം. ഒരു അനാർക്കിസത്തിൻെറ ജീവിതവുമാവാം.**

അത്തരം തൻേറടം പ്രകടിപ്പിക്കാൻ പുതിയവരെ ആരും സമീപിക്കുന്നില്ല. ക്ഷണിക്കാത്ത കല്യാണത്തിന് പോകാൻ അവർ തയ്യാറാവാത്തതായിരിക്കാം. എൻെറ ചങ്ങാത്തം യുവകവികളോട് മാത്രമാണ്. അവരുമായിട്ടുള്ള ചങ്ങാത്തത്തിലാണ് ഞാൻ നിൽക്കുന്നത്. അവർ സത്യസന്ധരാണ്.

■ **വയലാർ ജീവിച്ചിരിക്കെ മറ്റൊരു ഭാഗത്ത് മഹാകവി പി.യുമുണ്ടായിരുന്നു. പി.ക്ക് അനായാസം സിനിമാഗാനങ്ങളെഴുതാൻ കഴിയുമായിരുന്നെങ്കിലും ആ ഒരു ദൗത്യം ആരുമദ്ദേഹത്തെ ഏൽപ്പിച്ചിട്ടില്ല. സിനിമാ പാട്ടെഴുതാൻ മോഹിച്ച് നാഗവള്ളി ആർ.എസ്. കുറുപ്പിനോട് അക്കാര്യം പറയാനേൽപ്പിച്ച ഒരു സംഭവം വേണു നാഗവള്ളി പറഞ്ഞിട്ടുണ്ട്. പി.ക്ക് ആഗ്രഹമുണ്ടായിരുന്നു സിനിമാ ഗാനമെഴുതാൻ...**

അന്ന് കുഞ്ഞിരാമൻ നായർക്ക് ഒരു കവിയെന്ന നിലയ്ക്ക് കിട്ടിയ ഉപലബ്ധികളൊന്നും വയലാറിന് കിട്ടിയിരുന്നില്ല.

■ **ഒ.എൻ.വിയുടെ അതേ നാട്ടിൽ ത്തന്നെയാണല്ലോ അയ്യപ്പേട്ടനും. ഒരേ നാട്ടിലെ കവി എന്ന നിലയിൽ എങ്ങനെ കാണുന്നു?**

ഒരേ നാട്ടിലായാലും ഒരേ ഭാഷയിലായാലും കവികൾ വ്യത്യസ്തരായിരിക്കും. ആ ചിരിയിൽ എന്തോ ഉണ്ട് എന്നെനിക്ക് തോന്നാറുണ്ട്.

■ **ഒ.എൻ.വിയോടൊപ്പം അയ്യപ്പപ്പണിക്കരും തിരുവനന്തപുരത്തുണ്ടായിരുന്നു. സ്ഥിരം അലച്ചിലുകാരനായി അയ്യപ്പേട്ടനും...**

ഒരു കവിയെന്ന നിലയിൽ അയ്യപ്പപ്പണിക്കരുടെ അടുത്ത് വരാൻ ഒ.എൻ.വിക്ക് പറ്റില്ല. ഗാനരചയിതാവ് എന്ന നിലയിൽ ഒ.എൻ.വിയുടെ ഏഴയലത്ത് പോകാൻ അയ്യപ്പപ്പണിക്കർക്കും പറ്റില്ല. ഒരേ നാട്ടിലാണെങ്കിലും അവർ വളരെ അകലങ്ങളിലായിരുന്നു.

■ **ഒ.എൻ.വിയുടെ പ്രസക്തി സാഹിത്യപരമാണോ സാമൂഹികപരമാണോ?**

സാഹിത്യലോകത്ത് മാത്രം അറിയപ്പെടുന്ന ആളല്ലല്ലോ ഒ.എൻ.വി. ഒരു കാലഘട്ടത്തിൽ അദ്ദേഹം നമ്മുടെ മുൻനിരയിൽ നിന്നിരുന്നു. പിന്നീട് കവിത അദ്ദേഹത്തെ കൈവെടിഞ്ഞു. പക്ഷേ, സാധാരണക്കാർക്ക് വേണ്ടി അദ്ദേഹം അപ്പോഴും എഴുതിക്കൊണ്ടിരുന്നു. ബുദ്ധിജീവികൾ ഒ.എൻ.വിയെ പരിഗണിക്കുന്നില്ലായിരിക്കാം. അവരും രഹസ്യമായി ഒ.എൻ.വിയുടെ പാട്ടുകൾ ആസ്വദിക്കുന്നുണ്ടാവും. ഒ.എൻ.വിയുടെ പാട്ടുകളിൽ ഒരു തെറ്റുപോലും നമുക്ക് കണ്ടെത്താനാവില്ല. ഒരു കവി എന്ന നിലയിൽ അക്കിത്തത്തിനും അയ്യപ്പപ്പണിക്കർക്കും ഒ.എൻ.വിയെ പരാജയപ്പെടുത്താം. ഒരു ഗാനരചയിതാവ് എന്ന നിലയിൽ ഒ.എൻ.വിയെ പരാജയപ്പെടു ▶








കുമാരനാശാൻ, ഇടശ്ശേരി, പി. കുഞ്ഞിരാമൻ നായർ, നാഗവള്ളി ആർ.എസ്. കുറുപ്പ്, അയ്യപ്പപ്പണിക്കർ, സുഗതകുമാരി



ഷെല്ലി, കീറ്റ്സ്, ടി.എസ്. എലിയറ്റ്

ത്താൻ പഴയവർക്കോ സമകാലികർക്കോ സാധ്യമല്ല.

**■ ഒ.എൻ.വി അടക്കമുള്ള നമ്മുടെ കവികൾക്ക് കാര്യങ്ങളെ സമഗ്രതയിൽ നോക്കിക്കാണാൻ കഴിഞ്ഞിരുന്നു. വൃത്തത്തിൽ വൃത്തിയിലെഴുതാനുള്ള ശേഷിയും അവർക്കുണ്ടായിരുന്നു.**

നിസ്സംഗരും നല്ല മനസ്സുമുള്ളവരുമാണ് നമ്മുടെ യുവ കവികൾ. കേകയും കാകളിയും നതോന്നതയും സ്രഗ്ധരയുമൊക്കെ പോട്ടെ, ചെറിയ ചെറിയ വൃത്തങ്ങളെങ്കിലും പഠിച്ചിരിക്കണം. എന്നിട്ട് ഗദ്യത്തിലെഴുതിയാലും കുഴപ്പമില്ല. അതിനകത്ത് എന്തിനെയെങ്കിലും ഓർമിപ്പിക്കുന്ന താളം അടിയൊഴുക്കായി നിൽക്കണം. ഈണം ഉപേക്ഷിക്കാതെ തന്നെ എഴുതാൻ കഴിയണം. ഒ.എൻ.വി ഒരിക്കലും ഒരു കവിതയിലും ഈണം ഉപേക്ഷിച്ചിരുന്നില്ല.

**■ സമകാലിക കവിതയെ അഭിമുഖീകരിക്കുന്നതിൽ ഒ.എൻ.വി. എത്രയേറെ മുന്നേറിയിട്ടുണ്ട്?**

ഭൂമിക്കൊരു ചരമഗീതംവരെ, അല്ലെങ്കിൽ കോതമ്പുമണികൾവരെ. സമകാലിക കവിതയെയും ജീവിതാവസ്ഥകളെയും കാവ്യവത്കരിക്കുന്ന കാര്യത്തിൽ സുഗതകുമാരി ടീച്ചറാണ് മുന്നിൽ നിൽക്കുന്നത്. സമകാലികതയല്ല പ്രശ്നം. സമഷ്ടിയിൽ അന്നുമിന്നും ഒരുപോലെ നിലനിൽക്കുന്നവയാണ് മഹത്തായ കവിതകൾ. കുമാരനാശാനും പി. കുഞ്ഞിരാമൻ നായരും ഇടശ്ശേരിയും അനശ്വരമായി നിലനിൽക്കുന്ന ആ കാവ്യപക്ഷത്താണ് നിൽക്കുന്നത്.

> **ജോണിൻെറ സ്വഭാവമനുസരിച്ചുള്ള പാട്ടുകളേ ജോൺ പാടിയിരുന്നുള്ളൂ. ഷെല്ലിയും കീറ്റ്സുമൊക്കെ മുട്ടത്തുവർക്കിമാരെന്നാണ് പറയുക. ടി.എസ്. എലിയറ്റ് ആയിരുന്നു അവൻെറ പ്രിയകവി. മലയാള കവികളെ നേരംപോക്കുകളുടെ കവികൾ എന്നാണ് ജോൺ വിശേഷിപ്പിച്ചത്.**

**■ ഉജ്ജയിനിയെ എങ്ങനെ കാണുന്നു?**

അതൊരു ക്ലാസിക് കാലഘട്ടത്തെ ഓർമിപ്പിക്കുന്നു. കാളിദാസൻ കമ്യൂണിസ്റ്റായിരുന്നില്ല. ഏതെങ്കിലും തരത്തിലുള്ള സോഷ്യലിസ്റ്റ് മൂല്യങ്ങളിൽ കാളിദാസൻ വിശ്വസിച്ചിരുന്നോ എന്നുമറിയില്ല. ഉജ്ജയിനി എഴുതിയ ഒ.എൻ.വിയേക്കാൾ എനിക്കിഷ്ടം കോതമ്പുമണികളെഴുതിയ ഒ.എൻ.വിയെയാണ്.

**■ ജോൺ എബ്രഹാമുമൊത്തുള്ള ആ ദിനങ്ങളിൽ മലയാളത്തിലെ എത്തരം കവിതകളെക്കുറിച്ചാണ് നിങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത്?**

ജോൺ നന്നായി പാടുമായിരുന്നു. ജോൺ, സായിപ്പിൻെറ പാട്ടുകളാണ് പാടുക. പിന്നെ ഇടശ്ശേരിയുടെ പൂതപ്പാട്ട്. ജോണിൻെറ സ്വഭാവമനുസരിച്ചുള്ള പാട്ടുകളേ ജോൺ പാടിയിരുന്നുള്ളൂ. ഷെല്ലിയും കീറ്റ്സുമൊക്കെ മുട്ടത്തുവർക്കിമാരെന്നാണ് ജോൺ പറയുക. ടി.എസ്. എലിയറ്റ് ആയിരുന്നു അവൻെറ പ്രിയകവി. മലയാള കവികളെ നേരംപോക്കുകളുടെ കവികൾ എന്നാണ് ജോൺ വിശേഷിപ്പിച്ചത്.

**■ കേരളത്തിൻെറ ഇടതുരാഷ്ട്രീയ മുന്നേറ്റങ്ങളിൽ ഒ.എൻ.വി വഹിച്ച പങ്ക് നിർണായകമായിരുന്നല്ലോ. രാഷ്ട്രീയമായ ശാക്തികബലം പകരുന്നതിൽ ഇന്നത്തെ കവികൾക്ക് സാധിക്കുന്നില്ലല്ലോ...**

കവികളല്ല രാഷ്ട്രീയക്കാരാണ് ജനതയെ നയിക്കേണ്ടവർ. നിരുത്തരവാദിത്വത്തോടെ ജീവിക്കാനുള്ള ഒരവകാശം കവികൾക്കു മാത്രമായി ദൈവം നൽകിയിട്ടുണ്ട്. അവർക്ക്

ജോൺ എബ്രഹാം



എന്തുമാവാം. ഒരു അനാർക്കിസത്തിൻെറ ജീവിതവുമാവാം. നേരെമറിച്ച് നമ്മൾ രാഷ്ട്രീയത്തിലേക്ക് വരികയാണെങ്കിൽ എത്ര സത്യസന്ധമായിട്ടാണ് ഇ.എം.എസ്. ജീവിച്ചത്. ഇ.എം.എസ്സിനെപ്പോലെ സത്യസന്ധനായി ജീവിക്കാൻ ഒരു കവിക്കും സാധിക്കില്ല. സ്വന്തം ജീവിതത്തെപ്പോലെയാണ് ഇ.എം.എസ്. സമൂഹത്തെ കണ്ടിരുന്നത്. എല്ലാം തിരസ്കരിച്ചുകൊണ്ടാണ് ഇ.എം.എസ്. കമ്യൂണിസ്റ്റായത്. ഒരു കവിയാണെങ്കിൽ ഇ.എം.എസ്സിന് അത്രയും സത്യസന്ധനാവാൻ കഴിയില്ലായിരുന്നു. പാമ്പിൻെറ ഉറ ഊരിക്കളഞ്ഞ് പാമ്പ് രക്ഷപ്പെടുന്നതുപോലെയാണ് കവിതയിലൂടെയുള്ള വിപ്ലവപ്രവർത്തനം. തോലുമാത്രം കളഞ്ഞ് സ്വന്തം ജീവനുംകൊണ്ട് കവികൾ അവരുടെ സ്വാർഥതയ്ക്കുവേണ്ടി അവരുടെ കൂടാരങ്ങളിലേക്ക് രക്ഷപ്പെടുന്നു. ഉപലബ്ധികളുപേക്ഷിക്കാൻ കവികൾ തയ്യാറല്ല. അതുകൊണ്ടാണ് ഞാൻ ആദ്യമേ പറഞ്ഞത് രാഷ്ട്രീയക്കാരാണ് ജനതയെ നയിക്കേണ്ടവർ. കവികൾ ഇന്ന് സുഖലോലുപരാണ്. ദുഃസ്വപ്നങ്ങൾ കണ്ട് കവികൾ ഞെട്ടിവിറയ്ക്കുന്ന ഒരു കാലം വരികതന്നെ ചെയ്യും. അത്തരം സ്വപ്നങ്ങൾക്ക് മുന്നിൽ നിന്നുള്ള വിഭ്രമത്തിൽ നിന്നാണ് ഒ.എൻ.വിയുടെ ആദ്യത്തെ ഗാനങ്ങളൊക്കെ സംഭവിച്ചത്. ആ കവിതകൾ നമ്മുടെ ഭാഷയിൽ വലിയ കലാപങ്ങൾ സൃഷ്ടിച്ചു.

**■ ഒ.എൻ.വിയുടെ കാവ്യാലാപന കാസറ്റുകൾ കവിതകൾക്കു മേയാൻ വേറൊരു ഇടം നൽകി. ശ്രാവ്യകാവ്യ സമാഹാരം എന്ന നിലയിലുള്ള തുടർച്ച ഒ.എൻ.വിയുടെ കവിതാ കാസറ്റുകൾ വിപണിയിലിറങ്ങുമ്പോൾ സംഭവിച്ചിരുന്നു.**

ആലാപനം മറ്റൊരു രീതിയാണ്. എഴുത്തും ആലാപനവും വ്യത്യസ്ത ദൂരങ്ങളാണ്. സ്നേഹം ശക്തിഹീനമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഒരു കവിക്കുമാത്രം നൽകാൻ കഴിയുന്ന സ്നേഹം ഒ.എൻ.വി കവിതകളിലൂടെ കേൾപ്പിക്കുന്നു.



ആ ശബ്ദത്തിന് ഒരു രുചിയുണ്ട്.

**■ ഇടതുപക്ഷത്തെയാണ് ഒ.എൻ.വിയും ഭാസ്കരനും വയലാറുമൊക്കെ ജ്വലിപ്പിച്ചത്. കോൺഗ്രസ്സിന് അല്ലെങ്കിൽ വലതുപക്ഷത്തിന് അവർ ഊർജം പകർന്നില്ല. എന്തുകൊണ്ടായിരിക്കാം?**


കമ്യൂണിസം വന്നതുതന്നെ കോൺഗ്രസ്സിൽ നിന്നാണല്ലോ. കോൺഗ്രസ്സ് ഒരു പാർട്ടിയല്ല. വെറുമൊരു കൂട്ടം മാത്രമാണ്. അവർക്ക് കവികളെ ആവശ്യമില്ല. ആശകൾ മാത്രമുള്ള ഒരു കൂട്ടത്തെ ആശയങ്ങൾകൊണ്ട് പ്രചോദിപ്പിക്കാനാവില്ല.

**■ ഒ.എൻ.വി ജനത്തിൻെറ കൂടെ നിന്നു. നാടക കാലത്ത് നാടകങ്ങളിൽ, സിനിമയുടെ കാലത്ത് സിനിമകളിൽ... അപ്പോൾത്തന്നെ കാവ്യപാരമ്പര്യം അദ്ദേഹം കൈയൊഴിഞ്ഞുമില്ല...**

കവിതകൾക്ക് മാത്രം നൽകാൻ കഴിയുന്ന പ്രചോദനമുണ്ട്. അതുകൊണ്ടാണ് ആർ. സുഗതനും കവിതയെഴുതിയത്. ഇ.എം.എസ്. കഴിഞ്ഞാൽ ഏറ്റവും സത്യസന്ധനായ മനുഷ്യൻ ആർ. സുഗതൻസാറായിരുന്നു. തിരുവനന്തപുരം കമ്യൂണിസ്റ്റ് പാർട്ടി ആപ്പീസിൽ ഒരു ലൈബ്രറി ഉണ്ടായിരുന്നു. അവിടെയിരുന്ന് എല്ലാ പത്രങ്ങളും തപ്പിപ്പിടിച്ച് ആർ. സുഗതൻ എഴുതിയ കവിതകൾ ഞാൻ സമാഹരിച്ചു. വാ.. വാ.. വാ.. കമ്മ്യൂണിസ്റ്റേ, പോ... പോ.. പോ.. ആർ.എസ്.പി! എന്നൊക്കെ പറയാവുന്ന കവിതകളുണ്ട്. അത് എഡിറ്റ് ചെയ്ത് നന്നാക്കി ഞാൻ ക്രോഡീകരിച്ചു. അന്ന് പ്രഭാത് ബുക്ക് ഹൗസിൽ ഒരു രാജീവേട്ടൻ ഉണ്ടായിരുന്നു. അന്ന് ഗോപാലൻ എന്ന ഒരു ആർട്ടിസ്റ്റുണ്ടായിരുന്നു. ജനയുഗത്തിൽ 'വിലയ്ക്കു വാങ്ങാമോ' എന്ന നോവലിന് ചിത്രം വരച്ചയാൾ. ആ ആർട്ടിസ്റ്റിനെക്കൊണ്ട് പടം വരപ്പിച്ച് തിരുനെല്ലൂർ കരുണാകരനെക്കൊണ്ട് അവതാരികയും എഴുതിപ്പിച്ച് പുസ്തകം പുറത്തിറക്കി. പ്രോലിറ്റേറിയൻ കവിതകൾ എന്ന ആ പുസ്തകം പ്രസിദ്ധീകരിച്ചപ്പോൾ എഡിറ്റ് ചെയ്ത എ. അയ്യപ്പൻെറ പേര് അതിലില്ല. പുസ്തകം കാണാൻ ആർ. സുഗതനും ജീവിച്ചിരുന്നില്ല. സത്യസന്ധരെല്ലാം മരിച്ചുപോയി. ഉപലബ്ധികൾ കാത്ത് നമ്മളിപ്പോഴും ജീവിച്ചിരിക്കുന്നു. വയലുകളിൽ കൊയ്യാനൊന്നുമില്ല. അല്ലെങ്കിൽ പതിരു മാത്രം... ■

**കവിതകൾക്ക് മാത്രം നൽകാൻ കഴിയുന്ന പ്രചോദനമുണ്ട്. അതുകൊണ്ടാണ് ആർ. സുഗതനും കവിതയെഴുതിയത്. ഇ.എം.എസ്. കഴിഞ്ഞാൽ ഏറ്റവും സത്യസന്ധനായ മനുഷ്യൻ ആർ. സുഗതൻസാറായിരുന്നു.**





ഇ.എം.എസ്.
ആർ. സുഗതൻ



# മതനിരപേക്ഷമായ കാവ്യവഴികൾ

**ഡോ. പി. സോമൻ**

**മലയാളിയുടെ സാംസ്കാരിക രാഷ്ട്രീയ ജീവിതത്തിന്റെ പരിച്ഛേദമാണ് ഒ.എൻ.വി.കവിതകൾ. പാരിസ്ഥിതിക ജാഗ്രതയ്ക്കൊപ്പം ശക്തമായ മാതൃപ്രതിനിധാനങ്ങളും ഒ.എൻ.വിക്കവിതയുടെ കരുത്താണ്. സർവതലസ്പർശിയായ മാനവികതയിലൂന്നിയ ഒ.എൻ.വി.കവിതയുടെ ആന്തരിക ലോകത്തിന്റെ പുതിയ വായനകൾ.**



ഒ.എൻ.വി.

ഫോട്ടോ സി. ബിജു

കേരളീയ പ്രകൃതിയുടെയും ജീവിതത്തിന്റെയും നാദസ്പർശഗന്ധരുചികളും ദൃശ്യങ്ങളും ചിഹ്നവ്യവസ്ഥകളായി പതിഞ്ഞുകിടക്കുന്നതാണ് ഒ.എൻ.വി.യുടെ കാവ്യലോകം. കഴിഞ്ഞ അറുപതു വർഷത്തിനുള്ളിൽ മലയാളിയുടെ ജീവിതത്തിൽ സംഭവിച്ച രാഷ്ട്രീയവും സാംസ്കാരികവുമായ ചലനങ്ങളുടെ പാദമുദ്രകളും ഒ.എൻ.വി.കവിതയിൽ കാണാനാവും. മരുമക്കത്തായത്തറവാടുകളിലും കാർഷികഗ്രാമപ്രകൃതിയിലും ബാല്യകൗമാരങ്ങൾ കഴിച്ചവരാണ് പഴയതലമുറയിലെ എഴുത്തുകാർ മുഴുവൻ. മാതൃദായത്തറവാടുകളിലെ മനുഷ്യബന്ധങ്ങളിൽ സംഭവിച്ച അഴിച്ചുപണികളും വിസ്ഫോടനങ്ങളുമാണ് മലയാളസാഹിത്യത്തിന്റെ വൈകാരികലോകം. കേരളത്തിലെ പഴയ കുടുംബഘടനയും കാർഷികസംസ്കാരവുമാണ് ഒ.എൻ.വി.യുടെയും സാംസ്കാരിക പശ്ചാത്തലം. തറവാടിന്റെയും തറവാട്ടുകാരണവരുടെയും നാമധേയങ്ങൾ (ഒറ്റപ്ലാക്കൽ നീലകണ്ഠക്കുറുപ്പ്-ഒ.എൻ.) ആദ്യാക്ഷരമായി ഒ.എൻ.വി.യുടെ പേരിൽ പതിഞ്ഞുകിടപ്പുണ്ട്. അദ്ദേഹത്തിന്റെ കവിതയിലും കാവ്യബിംബങ്ങളിലും കാവ്യഭാഷയിലും മാതൃദായസംസ്കാരം അതിശക്തമായ സ്വാധീനമാണ്.

വൈലോപ്പിള്ളിയിലെന്നപോലെ തികച്ചും ഭൗതികമാണ് ഒ.എൻ.വി.യുടെയും മാതൃസങ്കല്പം. അതുകൊണ്ട് ഇടശ്ശേരി, കടമ്മനിട്ട എന്നിവരുടെ കവിതകളിലെ കാവ്യസംസ്കാരമോ കാവിലമ്മ സങ്കല്പമോ ഒ.എൻ.വി.യെ സ്വാധീനിച്ചിട്ടില്ല. സന്താനങ്ങളെ ഊട്ടിവളർത്തുന്ന സംരക്ഷകയും എന്നാൽ എല്ലാ ദുരിതങ്ങളും പേറുന്ന സർവംസഹയുമാണ് ഒ.എൻ.വി.കവിതയിലെ അമ്മ. അവൾ ഭൂമിയുടെയും പ്രകൃതിയുടെയും പ്രതീകമാണ്. സ്ത്രീയും ഭൂമിയും പ്രകൃതിയും പുരുഷന്റെ അധികാരവ്യവസ്ഥയുടെ അതിക്രമത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നതിനാൽ ഒ.എൻ.വി.കവിതയിലെ സ്ത്രൈണബിംബങ്ങൾ സർവംസഹകളാണ്. അവർ മുലപറിച്ചെറിഞ്ഞ് ▶

# അയ്യപ്പന്റെ കവിത

പ്രമോദ് കുറ്റിയിൽ

**അ**ക്ഷരങ്ങളെ നക്ഷത്രങ്ങളാക്കി മാറ്റി നവീനമായ കാവ്യഭാഷ സൃഷ്ടിച്ച കവിയാണ് എ. അയ്യപ്പൻ. തന്റെ ഗ്രന്ഥപ്പുരയ്ക്ക് തീപിടിച്ചതായും ഛന്ദസ്സിന് മുറിവേറ്റതായും കവി പറയുന്നു. ഗംഗാജലത്തിനു ശവത്തിന്റെ രുചിയാണെന്നും യമുനനിറയെ കണ്ണുനീരാണെന്നും താൻ വോട്ടുചെയ്തത് കറുത്ത കൊടിയടയാളമുള്ളവനാണെന്നും തന്റെ കവിതകൾ കരിനാക്കുള്ളവന്റെ പാട്ടുകളാണെന്നും അദ്ദേഹം എഴുതുന്നു. ജീവിതാനുഭവങ്ങളുടെ വിഷം കവി കവിതയാക്കി മാറ്റുന്നു. അതുകൊണ്ടാണ് കവിത ഒരു കോപ്പ വിഷമാണെന്ന് അയ്യപ്പൻ എഴുതുന്നത്.

എ. അയ്യപ്പനുമായുള്ള സംഭാഷണത്തിൽനിന്ന്:

● ''കാറപകടത്തിൽപ്പെട്ടുമരിച്ച
വഴിയാത്രക്കാരന്റെ ചോരയിൽ ചവുട്ടി
ആൾക്കൂട്ടം നില്ക്കേ
മരിച്ചവന്റെ പോക്കറ്റിൽനിന്നും പറന്ന
അഞ്ചുരൂപയിലായിരുന്നു എന്റെ കണ്ണ്.''

ഈ കവിതയുടെ രചനാപശ്ചാത്തലം ഒന്ന് വ്യക്തമാക്കാമോ?

□ ഇതെന്റെ അനുഭവം തന്നെയാണ്. അവന്റെ മരണം എനിക്കു പ്രശ്നമല്ല. അവന്റെ മരണത്തേക്കാൾ എനിക്കു പ്രധാനം അവന്റെ പോക്കറ്റിൽനിന്നും പറന്ന അഞ്ചുരൂപയായിരുന്നു. അത്രയ്ക്ക് വിശപ്പ് എനിക്കുണ്ടായിരുന്നു. മരിച്ചു കിടക്കുന്നവന്റെ പോക്കറ്റിൽനിന്നും രൂപ അടിച്ചുമാറ്റുക എന്നത് ക്രൂരമാണ്. അതും ഞാൻ ചെയ്തിട്ടുണ്ട്.

● കവിതയുടെ ഏറ്റവും നവീനമായ മുഖമാണ് അയ്യപ്പന്റെ കവിതകളിൽ കാണുന്നത്. പരീക്ഷണത്തിനു വേണ്ടി വല്ലതും ചെയ്തിട്ടുണ്ടോ?

□ പരീക്ഷണത്തിനുവേണ്ടി ബോധപൂർവം ഞാനൊന്നും ചെയ്തിട്ടില്ല. വായനകൊണ്ടും എഴുത്തുകൊണ്ടും വന്നുചേർന്ന സ്വാഭാവികമായ പരിണാമം മാത്രം. വൃത്തശാസ്ത്രം പഠിച്ച് ഞാൻ വൃത്തത്തെ മുറിക്കുകയായിരുന്നു. വൃത്തമറിഞ്ഞാൽ മാത്രമേ നല്ല ഗദ്യമെഴുതാൻ കഴിയുകയുള്ളൂ. ഞാൻ വൃത്തം ഉപേക്ഷിക്കുമ്പോഴും ഗദ്യത്തിൽ ഒരു വൃത്തം കടന്നുവരുന്നുണ്ട്.

● പഴയ കാവ്യസങ്കേതം ചോദ്യം ചെയ്യുകയും പുതിയ കാവ്യസങ്കേതം സ്വീകരിക്കുകയും ചെയ്ത കവിയാണ് അയ്യപ്പൻ?

□ പഴയ കാവ്യസങ്കേതം ചോദ്യം ചെയ്യുമ്പോഴും പി.യെയും ആശാനെയും അങ്ങനെ പലരെയും ഞാൻ സ്നേഹിക്കുന്നുണ്ട്.

● എൻ.എൻ. കക്കാട് 'വഴിവെട്ടുന്നവരോട്' എന്ന കവിതയിൽ കാവ്യലോകത്ത് പുതിയ വഴി വെട്ടുമ്പോൾ അനുഭവപ്പെടുന്ന പ്രയാസങ്ങളെക്കുറിച്ച് പറയുന്നുണ്ട്. കാവ്യലോകത്ത് പുതിയ വഴിവെട്ടിയ കവിയാണ് അയ്യപ്പൻ. അങ്ങനെ വല്ല അനുഭവവും?


□ ഞാൻ വാൻഗോഗിന്റെ ഒരു പെയിന്റിങ് വായിച്ചപ്പോൾ എന്നിൽനിന്നും ഒരു കവിത ഉണർന്നു വന്നു. കവിത വന്നപ്പോൾ ഏറെ എതിർപ്പുകളുണ്ടായിരുന്നു. കവിതയിൽ ഒരു സ്പാർക്കുണ്ട്. അതു കണ്ടെത്താൻ അനുവാചകനു കഴിയണം. അങ്ങനെ എന്നെ അടുത്തറിഞ്ഞവർ വളരെ കുറവാണ്. വിജയൻമാഷ് എന്റെ കവിതകളെ അടുത്തറിഞ്ഞിട്ടുണ്ട്.

● ജീവിതത്തിന്റെ സമസ്തമേഖലകളിലും ധർമഭ്രംശം സംഭവിച്ചുകൊണ്ടിരിക്കുന്ന കാലത്തിൽ ജീവിതത്തെക്കുറിച്ച് എന്തു പറയുന്നു?

□ എന്നും നേരം പുലരുന്നത് ഒരു ഞെട്ടലോടെയാണ് ഞാൻ അറിയുന്നത്. എനിക്ക് സ്ഥിരമായ കേന്ദ്രമില്ല. എന്റെ ജീവിതത്തെയും മറ്റുള്ളവരുടെ ജീവിതത്തെയും ഞാൻ സംശയത്തോടു കൂടിയാണ് നോക്കിക്കാണുന്നത്. കറുപ്പിനെ ഞാൻ ചോദ്യംചെയ്യുകയാണ്. വെളുപ്പ് എന്നൊന്നില്ല.

● മരണത്തെക്കുറിച്ച്?

□ മരണത്തെ ആദ്യം കണ്ടത് ഞാൻ ഇന്നും ഓർക്കുന്നു. ഞങ്ങൾ ഒരു സംഘം ആളുകൾ അരുവിയിൽ കുളിക്കാൻ പോയതാണ്. ഒരൊഴുക്കിൽ എന്റെ സുഹൃത്ത് അകപ്പെട്ടു. ഒഴുകി അവൻ മരണത്തിലേക്കു പോയി. അത് ഞാൻ കണ്ടു നില്ക്കുകയായിരുന്നു. പിന്നെ എന്റെ ആത്മസുഹൃത്ത് ജോൺ എബ്രഹാം. അയാൾ എന്റെ മുറിയിൽ കയറിവന്നു. ഞാനന്ന് അശോകയിൽ താമസിക്കുകയാണ്. ജോണിന്റെ കൂടെ ഡി. വിനയചന്ദ്രനും കെ.പി. കുമാരനും ഉണ്ട്. അന്ന് ജോൺ നൂറു രൂപയും വാങ്ങി ഇറങ്ങിപ്പോയി. അതിനുശേഷം ജോണിനെ കണ്ടിട്ടില്ല. എനിക്കിഷ്ടപ്പെട്ട ഷർട്ടുമിട്ട് അവൻ മതിലുചാടി.



കവി എ.അയ്യപ്പനെ കുറിച്ചുള്ള ഡോക്യുമെന്ററി പൂർത്തിയായി. "സ്റ്റിൽ ഫോട്ടോഗ്രാഫ്സ്- അതുമാത്രമേ ഞാനതിൽനിന്നും പ്രതീക്ഷിച്ചിട്ടുള്ളൂ." കവി അതേക്കുറിച്ച് പറയുന്നു.

ഫോട്ടോ: രമേശ് പുതുപ്പണം

● പ്രണയത്തെക്കുറിച്ച് എന്തുപറയുന്നു?

□ സമ്പന്നതയുടെ പ്രശ്നം അതിലുണ്ട്. പ്രണയം ഇന്ന് സാമ്പത്തികാധിഷ്ഠിതമായി മാറിയിരിക്കുന്നു. രമണന്റെ കാലം പോലും പിഴച്ചതായിരുന്നു. പിന്നെയാണോ ഇക്കാലം? റേഷൻ വാങ്ങാൻ കാശില്ലാത്ത പ്രണയിനിയോട് 'എന്റെ കൈയിൽ കറൻസിയുണ്ട്, വാ നമുക്കു പോകാം' എന്നു പറഞ്ഞാൽ അവൾ നിശ്ചയമായും വരും. അതാണിന്നത്തെ സ്ഥിതി.

പ്രണയിനികളുടെ ഒരു സംഘം തന്നെ എനിക്കുണ്ട്. ഒരാളെക്കുറിച്ചു മാത്രം ഇന്നും ഓർമിക്കുന്നുണ്ട്. എനിക്കു പ്രണയം തോന്നിയിട്ടുള്ളത് എന്നോട് മാത്രമാണ്. മറ്റൊരാളെ ഓർത്തുകൊണ്ടുള്ള പ്രണയമല്ല എന്റേത്. നിദ്രയിൽ ഞാൻ സന്ന്യാസിയാണ്. എന്നെ സംബന്ധിച്ചിടത്തോളം എന്റെ ഉറക്കത്തെ കെടുത്തുന്ന പുലിയാണ് പ്രണയം.

● കവിതയിൽ ആരുടെയെങ്കിലും സ്വാധീനം ഉണ്ടായിട്ടുണ്ടോ?

□ കാഫ്ക, കാമു ഇവരെ ഞാൻ വായിച്ചിട്ടുണ്ട്. പക്ഷേ, ഇവരെന്നെ സ്വാധീനിച്ചിട്ടുണ്ടോ എന്നാണെന്റെ സംശയം. കാവ്യലോകത്ത് ഞാൻ ഏറ്റവും സ്നേഹിക്കുന്നത് പി. കുഞ്ഞിരാമൻനായരെയാണ്.

● ചിത്രകലയുമായി ഏറെ ബന്ധപ്പെട്ട കവിയാണ് അയ്യപ്പൻ. കവിതയിൽ അതിന്റെ സ്വാധീനവും കാണുന്നു. അതിനെക്കുറിച്ച്?

□ ചിത്രകലയുമായി ഞാൻ ഏറെ ബന്ധപ്പെട്ടിരുന്നു. ഞാനെന്നും ഇഷ്ടപ്പെടുന്ന, ആദരിക്കുന്ന ചിത്രകാരനാണ് വാൻഗോഗ്. മഞ്ഞയും നീലയും പച്ചയായിമാറുന്നു. നിറം എങ്ങനെ ചാലിക്കണമെന്ന് ഞാൻ അറിയുന്നു.

● 'ബുദ്ധൻ' പലപ്പോഴായി അയ്യപ്പന്റെ കവിതകളിൽ കടന്നുവരുന്നു. അതൊന്ന് വിശദീകരിക്കാമോ?

□ എന്റെ ഏറ്റവും അടുത്ത മിത്രം ബുദ്ധനാണ്. ഒരാളുടെ ഉറക്കത്തിൽ വിപ്ലവം സൃഷ്ടിക്കുന്നതെങ്ങനെയെന്ന് തെളിയിച്ചവനാണ് ബുദ്ധൻ. ഞാനിന്ന് ആട്ടിൻകുട്ടിയല്ല. ഒരു സഹയാത്രികനാണ്. ബുദ്ധന് വഴികാണിച്ചുകൊടുക്കുന്നവനാണ് ഞാൻ.

● കവിതാരചനാവേളയിൽ ഭാഷ അപര്യാപ്തമാണെന്ന് തോന്നിയിട്ടുണ്ടോ?

□ ഞാനെന്റെ കവിത ഒരിക്കലും തിരുത്താറില്ല. ആദ്യത്തെ എഴുത്ത് അതേപടി അയയ്ക്കുന്നു. വാക്കുകൾക്കോ അക്ഷരങ്ങൾക്കോ അപര്യാപ്തത ഉള്ളതായി അനുഭവപ്പെട്ടിട്ടില്ല.

● ഗാനങ്ങൾ പാടാറുണ്ട്. മനസ്സിൽ സംഗീതവുമുണ്ട്. പക്ഷേ, കവിതയിൽ ഗദ്യത്തിന്റേതായ താളം കവി സൃഷ്ടിക്കുന്നു. കവിതയിലെ സംഗീതാത്മകതയെക്കുറിച്ച് എന്താണഭിപ്രായം?

□ കുട്ടികൃഷ്ണമാരാരുടെ പുസ്തകത്തിൽപോലും സംഗീതമുണ്ട്. മുണ്ടശ്ശേരിയിൽ അതുണ്ടായിരുന്നില്ല. കവിതയിൽ സംഗീതം കൊടുക്കുമ്പോൾ ഭാവഗൗരവം നഷ്ടപ്പെടും. ഞാനെന്റെ വരികൾ സംരക്ഷിക്കും; ഈണത്തിനിടയിൽപ്പോലും.

● ജോൺ എബ്രഹാം, സുരാസു, അയ്യപ്പൻ ഇവരുടെ ജീവിതത്തിൽ ഏറെ സമാനതകളുണ്ട്. ഇതെങ്ങനെ സംഭവിച്ചു?

□ ഉണ്ടായിരിക്കാം. ജോണും സുരാസുവും എന്റെ അടുത്ത സുഹൃത്തുക്കളാണ്. ഞാൻ സെറിൻ ലോഡ്ജിൽ വെച്ചാണ് സുരാസുവിനെ കാണുന്നത്. സുരാസു ഒരു കുചേലനെപ്പോലെ കടന്നുവന്നു. സുരാസുവിനെക്കുറിച്ച് ഏറെ പറയാൻ കഴിയുന്നില്ല. രണ്ടുപേരുടെ സ്മരണകളുമായി ഞാൻ ജീവിതം നയിക്കുന്നു.

● സാംസ്കാരിക വേദിയുടെ കാലത്ത് കവിതയിൽ ഒരു പുതിയ ഉണർവുണ്ടായിരുന്നു. കവിയരങ്ങുകൾ, സംവാദങ്ങൾ, സഹൃദയസദസ്സുകൾ-ഇതൊക്കെ ഇന്ന് അന്യമായിരിക്കുന്നുവല്ലോ?

□ ഒരിക്കലും അന്യമായിട്ടില്ല. ഈ ശബ്ദം നിലയ്ക്കാത്ത സ്ഥിതിക്ക് ഒന്നും അന്യമാവുകയില്ല. എന്റെ പിന്നിൽ എപ്പോഴും ഒരു പോലീസുകാരനുണ്ടെന്ന എന്റെ ബോധം എന്നെ വേട്ടയാടുന്നു.

● എം.എൻ. വിജയനും കടമ്മനിട്ടയും മാർക്സിസ്റ്റു പാർട്ടിയോടു കാട്ടുന്ന അഭിമുഖത്തെ എങ്ങനെ കാണുന്നു?

□ മറ്റൊരു മാർഗവുമില്ലാത്തതുകൊണ്ടാണ് അവർ മാർക്സിസ്റ്റ് പാർട്ടിയിൽ ചേർന്നത്. മലയാളത്തിലെ മികച്ച നിരൂപകനാണ് വിജയൻ. കലാകാരനെ തൊട്ടറിയുന്ന പ്രതിഭാശാലി. കടമ്മനിട്ട എന്റെ സഹോദരനാണ്. മത്സരത്തിൽ ഇനി കടമ്മനിട്ടപരാജയപ്പെടുകയേയുള്ളൂ.

● ഏറെ ആത്മബന്ധം കാക്കനാടനുമായിട്ടാണെന്നറിയുന്നു?

□ ബേബിച്ചായൻ എന്റെ ആത്മസുഹൃത്താണ്; അമ്മിണിയമ്മയും. രാധ എന്റെ പെങ്ങളാണ്. എന്നെ വീട്ടിൽ നിന്നും അവർ പുറത്താക്കിയിട്ടില്ല.

● അയ്യപ്പനെക്കുറിച്ചുള്ള ഡോക്യുമെന്ററിയെ എങ്ങനെ കാണുന്നു?

□ എനിക്കധികമൊന്നും പറയാനില്ല. സ്റ്റിൽ ഫോട്ടോഗ്രാഫ്സ്. അത്രമാത്രമേ ഞാൻ ആ ഡോക്യുമെന്ററിയിൽ നിന്നും പ്രതീക്ഷിക്കുന്നുള്ളൂ.

● ഏതെങ്കിലും രാഷ്ട്രീയപ്രസ്ഥാനത്തിൽ വിശ്വസിക്കുന്നുണ്ടോ?

□ ഇപ്പോഴും ഞാനൊരു കമ്യൂണിസ്റ്റുകാരനാണ്. എന്നും എപ്പോഴും. അനിയേട്ടൻ (ഇ.എം. ശ്രീധരൻ) എന്റെ എല്ലാമായിരുന്നു. ഇ.എം.എസിനെ ഞാൻ ഇന്റർവ്യൂ ചെയ്തിട്ടുണ്ട്.

● ശുഭാപ്തിവിശ്വാസിയാണോ?

□ ഞാനൊരു പെസിമിസ്റ്റാണ്; ഓപ്റ്റിമിസ്റ്റല്ല.

● മലയാളകവിത സമ്പന്നമാണോ? പുതിയ എഴുത്തുകാർ എങ്ങനെ?

□ മലയാള കവിത സമ്പന്നമല്ല. പി. കുഞ്ഞിരാമൻ നായർക്കുശേഷം കാവ്യശ്രദ്ധയിലേക്ക് പോയവർ എത്രയുണ്ട്? പുതിയ തലമുറയിൽ എഴുതുന്നവരുണ്ട്. പേരുകൾ പറയുന്നില്ല. കവികൾ കടന്നുവരും. വരാതിരിക്കില്ല.